കാർപ്പറ്റ് ഫെയറിൽ മൂന്നു സ്ഥാപനങ്ങളും പങ്കെടുക്കുകയും അതിനോടനുബന്ധിച്ച് കയർ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ബയർ-സെല്ലർ മീറ്റ് സംഘടിപ്പിക്കുകയും ചെയ്തു. ഓണക്കാലയളവുകളിലും മറ്റു പ്രധാന ഉത്സവ കാലയളവുകളിലും പ്രധാന നഗരങ്ങളിൽ മെട്രോ ഫെയറുകളും ചെറിയ പട്ടണങ്ങളിൽ വില്പന മേളകളും സംഘടിപ്പിച്ചു വരുന്നു. ആഭ്യന്തര വിപണി ശക്തമാക്കുന്നതിന്റെ ഭാഗമായി കയർ മാർക്കറ്റിംഗ് കൺസോർഷ്യം രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കേരളാ കയറിന്റെ പ്രചരണാർത്ഥം 2010 കയർ വർഷമായി ആചരിക്കുകയും ഇതിന്റെ ഭാഗമായി 5 കയർഫെസ്റ്റുകൾ സംഘടിപ്പിക്കുകയും ചെയ്തു. ആഭ്യന്തര വിദേശ വിപണി ലക്ഷ്യമാക്കി അന്താരാഷ്ട്ര കയർ മേളയായ "കയർ കേരള 2011" 4-2-2011 മുതൽ 9-2-2011 വരെ സംഘടിപ്പിക്കുകയുണ്ടായി.

(എഫ്) കയർ കടാശ്വാസ പദ്ധതി പ്രകാരം 2009-10 സാമ്പത്തിക വർഷം മുതൽ നാളിതുവരെ 102 സഹകരണ സംഘങ്ങൾക്കും 425 ചെറുകിട ഉല്പാദകർക്കുമായി 2,81,63,296 രൂപ അനുവദിച്ചിട്ടുണ്ട്.

വയനാട് ജില്ലയിൽ സഹകരണ മേഖലയിൽ പുതുതായി ആരംഭിച്ച സ്ഥാപനങ്ങൾ

29 (992) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാരിന്റെ കാലത്ത് വയനാട് ജില്ലയിൽ സഹകരണ മേഖലയിൽ പുതുതായി ആരംഭിച്ച സ്ഥാപനങ്ങൾ ഏതെല്ലാം എന്നു വിശദമാക്കുമോ ?

ഉത്തരം

ഈ സർക്കാരിന്റെ കാലത്ത് വയനാട് ജില്ലയിൽ നാളിതുവരെയായി 21 സഹകരണ സംഘങ്ങൾ ആരംഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ സഹകരണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

30 (993) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ സഹകരണ വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് ;

(ബി) വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ പുതുതായി എത്ര നീതി മെഡിക്കൽ സ്റ്റോറുകളും, സഹകരണ ബാങ്കുകളുടെ/സഹകരണ സംഘങ്ങളുടെ ശാഖകളും ആരംഭിക്കാനായി എന്ന് അറിയിക്കുമോ ;

(സി) ഈ സർക്കാരിന്റെ കാലത്ത് വടക്കാഞ്ചേരി കുണ്ടുകാട് സഹകരണ മെഡികെയർ കോംപ്ലക്സിന് എത്ര തുക ഷെയർ കാപ്പിറ്റൽ ഇനത്തിൽ അനുവദിച്ചു ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1. വടക്കാഞ്ചേരി നിയോജക മണ്ഡലം കേന്ദ്രീകരിച്ച് ഉത്സവകാല ചന്ത നടത്തുന്നതിനായി ഓരോ സീസണിലും ഒരു സംഘം വീതം തെരഞ്ഞെടുത്ത് ആയത് നടപ്പിലാക്കുന്നതിനായി ചുമതലപ്പെടുത്തുകയുണ്ടായി.

2. നിയോജകമണ്ഡലം കേന്ദ്രീകരിച്ച് മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിനായി വടക്കാഞ്ചേരി സർവ്വീസ് സഹകരണ ബാങ്കിനെ തെരഞ്ഞെടുക്കുകയും, തലപ്പിള്ളി താലൂക്ക് ആശുപത്രിയിൽ പ്രസ്തുത സ്റ്റോർ പ്രവർത്തിച്ചു വരുകയും ചെയ്യുന്നു.

3. സഹകരണ വകുപ്പിന്റെ 2009-10 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പെരിങ്ങണ്ടൂർ സർവ്വീസ് സഹകരണ ബാങ്കിനെ മാതൃകാ സഹകരണ ബാങ്കായി തെരഞ്ഞെടുക്കുകയും കമ്മ്യൂണിറ്റി കോളേജ് ആരംഭിക്കുന്നതിന് ധനസഹായമായി 22.92 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു.

4. ബാങ്കിന് നാളികേര സംസ്കരണ യൂണിറ്റ് ആരംഭിക്കുന്നതിന് ഒരു കോടി രൂപ ധനസഹായത്തിന് വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

5. വിവിധ പദ്ധതികളിലായി നിയോജക മണ്ഡലത്തിലെ വിവിധ സംഘങ്ങൾക്ക് 62.52 ലക്ഷം രൂപ ധനസഹായം ലഭിച്ചിട്ടുണ്ട്.

6. ഈ സർക്കാർ വിപണിയിൽ ഇടപെട്ട് വില നിയന്ത്രിക്കുന്നതിനായി നടത്തിയിട്ടുള്ള ഉത്സവകാല ന്യായവില/സ്പെഷ്യൽ ചന്തകളിലും ഉത്സവകാല ചന്തകളിലും നിയോജക മണ്ഡലത്തിലെ ഭൂരിഭാഗം സംഘങ്ങളും പങ്കെടുത്തിട്ടുണ്ട്. ഇതിനായി ആകെ 639 വിപണന കേന്ദ്രങ്ങൾ പ്രവർത്തിച്ചിട്ടുണ്ട്.

(ബി) വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ പുതുതായി 6 നീതി മെഡിക്കൽ സ്റ്റോറുകളും/സഹകരണ ബാങ്കുകളുടെ 1 ശാഖയും 3 എക്സ്റ്റൻഷൻ കൗണ്ടറുകളും ആരംഭിച്ചിട്ടുണ്ട്.

(സി) കുണ്ടുകാട് സഹകരണ മെഡികെയർ കോംപ്ലക്സ് ക്ലിപ്തം നമ്പർ ആർ. 743-ന് ആശുപത്രി സഹകരണ സംഘങ്ങൾക്കുള്ള സർക്കാർ ഓഹരി മൂലധനം ആയി 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.